ജൂലൈ 2020

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

പരമ്പരാഗതമായി നാം പാലിച്ചുവന്ന വിദ്യാരംഭ കാലത്തോടു നാം വിടപറയുകയാണ്. സ്കൂളിൽ എല്ലാവരും അദ്ധ്യയന വർഷാരംഭത്തിൽ ഒരുമിച്ചുകൂടി നടത്തിവരാറുള്ള പ്രവേശനോത്സവ പരിപാടികൾ നടന്നില്ലായെങ്കിലും പഠനത്തിനുള്ള പുതിയ സാദ്ധ്യതകൾ ഒരുക്കി ഓൺലൈൻ സംവിധാനങ്ങളിലൂടെയുള്ള പഠനപ്രക്രിയയ്ക്കു തുടക്കം കുറിക്കാൻ കഴിഞ്ഞു. ആയതിനുള്ള ഉപകരണങ്ങൾ ബാലജനങ്ങളുടെ കരങ്ങളിൽ ലഭ്യമാകുകയാണ്. ബാലമനസ്സുകൾ സാങ്കേതിക വിജ്ഞാന പ്രകാശനത്തിലൂടെ അറിവിന്റെ പുതുപുത്തൻ ലോകങ്ങളിലേക്ക് എത്തിനോക്കുന്ന ഒരു സന്ദർഭം കൂടിയാണിത്. നമ്മുടെ കുട്ടികളുടെ കരങ്ങളിലേക്ക് സ്മാർട്ട് ഫോൺ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക ഉപകരണങ്ങൾ വന്നുചേരുമ്പോൾ അവയുടെ ശരിയായ ഉപയോഗം സംബന്ധിച്ച് മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികളും അതീവജാഗ്രത പുലർത്തേണ്ടതാണ്. കുട്ടികൾ വഴിതെറ്റാതിരിക്കാനുള്ള ശ്രദ്ധയും പരിശീലനവും അക്കാര്യത്തിലുള്ള ബോധവൽക്കരണവും അനിവാര്യമാണ്. പുതിയ വിദ്യാലയ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന കുഞ്ഞുങ്ങൾക്ക് അവർക്കു ദൈവം നൽകിയിരിക്കുന്ന സിദ്ധിവിശേഷങ്ങൾ വികസിപ്പിച്ചു ഒരു നവകേരളത്തിനു നവംനവങ്ങളായ പുതുമകളോടുകൂടി തുടക്കം കുറിക്കുവാൻ ഇടയാകട്ടെ എന്നു ആശംസിക്കുന്നു.

കൊറോണ വൈറസ് ബാധയ്ക്കു മുമ്പിൽ ലോകരാഷ്ട്രങ്ങൾ പകച്ചുനിൽക്കുന്ന അനുഭവം ഇപ്പോഴും തുടരുകയാണ്. മരണസംഖ്യ ആശങ്കാജനകമാം വിധം കൂടിക്കൊണ്ടിരിക്കുന്നു എന്നത് എല്ലാവരിലും പരിഭ്രമം ഉളവാക്കിയിട്ടുണ്ട്. ഗുരുതരമായ സാമ്പത്തികമാന്ദ്യത്തിലേക്കും എല്ലാ രാഷ്ട്രങ്ങളും വീണുകൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്തും സാമ്പത്തികരംഗത്തും ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ അരക്ഷിതാവസ്ഥയിൽ നിന്നും കരകയറുവാൻ എല്ലാവരും ഒരുമിച്ചു നിന്നു പരിശ്രമിക്കേണ്ട സ്ഥാനത്ത് വിഭാഗീയതയുടെയും സ്വാർത്ഥതയുടെയും പേരിൽ അനാവശ്യമായ വിവാദങ്ങൾ സൃഷ്ടിക്കുന്നതും വ്യക്തിഹത്യ നടത്തുന്ന രീതിയിൽ പ്രസ്താവനയുദ്ധം നടത്തുന്നതും അത് ആരുടെ ഭാഗത്തു നിന്നായാലും അപമാനകരവും വേദനാജനകവുമത്രെ. രാഷ്ട്രങ്ങൾ എല്ലാം ഒറ്റക്കെട്ടായി കോവിഡിനെതിരെ അണിനിരക്കേണ്ട സ്ഥാനത്ത് അതിലുള്ള ശ്രദ്ധ വിട്ടുകളഞ്ഞ് പരസ്പരം കഴുത്തറക്കാൻ ശ്രമിക്കുന്ന രാഷ്ട്രങ്ങളുടെ സമീപനങ്ങൾ അപലപനീയമാണ്. ചൈന മാത്രമല്ല, നമ്മൾ പുത്രനിർവിശേഷം സ്നേഹിച്ച നേപ്പാൾ പോലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് എത്രയോ സങ്കടകരമാണ്! ഇക്കാര്യത്തിൽ എല്ലാവർക്കും മാനവികതയെക്കുറിച്ചുള്ള വിശാലമായ അവബോധം ഉളവാകേണ്ടതിനായി പ്രാർത്ഥിക്കാം.

വിദേശരാജ്യങ്ങളിൽ കഴിയുന്ന നമ്മുടെ നാട്ടുകാരായ പ്രിയപ്പെട്ടവർ സ്വന്തം നാട്ടിലേക്ക് എത്തുവാനുള്ള തീവ്രപരിശ്രമത്തിലായിരുന്നുവല്ലോ. അവരുടെ ആഗ്രഹം സാക്ഷാത്ക്കരിക്കത്തക്കവണ്ണം വിമാന സർവ്വീസുകൾ ഇപ്പോൾ നടക്കുന്നു എന്നത് ആശ്വാസകരമാണ്. വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. യുദ്ധഭീഷണിയുടെ വാർത്തകളിലും കോവിഡ് 19 രോഗബാധയുടെ ഭീതിയിലും നമ്മുടെ രാഷ്ട്രം കടന്നുപോകുമ്പോൾ ഒറ്റക്കെട്ടായി നിന്ന് യുദ്ധബാധയ്ക്കെതിരായും രോഗബാധയ്ക്കെതിരായും ഒരൊറ്റ മനസ്സായി നിൽക്കാനും നമ്മുടെ ജനതയ്ക്ക് കഴിയട്ടെ എന്നു പ്രാർത്ഥിക്കാം. നമ്മുടെ ജനതയെ വിഭാഗീയതയുടെ  വിത്തുപാകി അനർത്ഥം കൊയ്യുവാൻ ഇടവരുത്താതെ രാഷ്ട്രത്തെ ഒരുമിപ്പിച്ചു നിർത്താനുള്ള അവബോധം നേതൃതലങ്ങളിലുള്ള എല്ലാവർക്കും ഉണ്ടാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

നമ്മുടെ എപ്പിസ്കോപ്പൽ സിനഡ് നമ്മുടെ എപ്പിസ്കോപ്പാമാർ ആയിരിക്കുന്ന ഇടങ്ങളിൽ ഇരുന്നുകൊണ്ട് തന്നെ പങ്കെടുക്കുവാൻ കഴിയുന്ന വിധത്തിൽ വീഡിയോ കോൺഫ്രൻസ് ആയി രണ്ടു പ്രാവശ്യം കൂടുകയുണ്ടായി. നമ്മുടെ എല്ലാ എപ്പിസ്കോപ്പാമാരും ഈ സിനഡു യോഗങ്ങളിൽ പങ്കെടുക്കുകയുണ്ടായി. സഭയുടെ ചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണ് ഇപ്രകാരം വീഡിയോ കോൺഫ്രൻസായി സിനഡ് യോഗം നടന്നത് എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

വിദ്യാഭ്യാസരംഗത്തു അഭിനന്ദനാർഹമായ നേട്ടങ്ങൾ കൈവരിക്കുവാൻ നമ്മുടെ  സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു കഴിയുന്നു എന്നത് ഏറ്റവും അഭിമാനകരമാണ്. ഭാരതത്തിൽ ഉന്നതനിലവാരത്തിൽ ഏറ്റവും മുൻപിൽ നിൽക്കുന്ന നൂറു കോളേജുകളിൽ നമ്മു

ടെ തിരുവല്ല മാർത്തോമ്മാ കോളേജ് 84-ാം റാങ്കു നേടി എന്നത് ഏറെ സന്തോഷകരമത്രെ. മാത്രമല്ല കേരളത്തിലെ മുൻനിരയിലുള്ള കോളേജുകളിൽ 13-ാമത്തെ സ്ഥാനവും ലഭിച്ചു എന്നത് അഭിമാനകരമത്രെ. പ്രിൻസിപ്പലായി നേതൃത്വം നൽകിയ ഡോ. ഐസി കെ. ജോൺ സാറിനെയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്വീകരിച്ചിരിക്കുന്ന നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ദൈവാലയങ്ങൾ തുറന്നു പ്രവർത്തിക്കുന്നതു സംബന്ധിച്ച ആലോചനകൾക്കായി നമ്മുടെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വിളിച്ചുകൂട്ടിയ വീഡിയോ കോൺഫ്രൻസിൽ നമ്മുടെ സഭയുടെ നിലപാട് വ്യക്തമായി അറിയിക്കുവാൻ ഇടയായി. നമ്മുടെ നിലപാടുകൾക്ക് പൊതു സ്വീകാര്യത ലഭിക്കുകയുണ്ടായി എന്നുമാത്രമല്ല മുക്തകണ്ഠം പ്രശംസ ലഭിക്കുകയും ചെയ്തു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്. പ്രവാസികളുടെ മടങ്ങിവരവിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾക്ക് സഭയുടെ പിന്തുണ അറിയിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള മാർത്തോമ്മാ സഭയുടെ സംഭാവന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ കണ്ട് നേരിട്ടു നൽകുകയും ചെയ്തു. പിന്നീടു നടന്ന പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി സഭയുടെ സംഭാവനയ്ക്കുള്ള കൃതജ്ഞത അറിയിക്കുകയും ചെയ്തു.

നമ്മുടെ നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ് നിർമ്മിച്ചു കൊണ്ടിരിക്കുന്ന ദൈവാലയത്തിന്റെ പണി മിക്കവാറും പൂർത്തിയായി എന്ന വിവരം അറിയിക്കുന്നതിൽ വളരെയധികം സന്തോഷമുണ്ട്. പ്രസ്തുത ട്രസ്റ്റിന്റെ ഒരു യോഗം സിനഡ് ചേമ്പറിൽ ഒന്നിച്ചു കൂടുകയും കൂദാശ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ആലോചന നടത്തുകയും അതിന് ആവശ്യമായ ധനാഗമന മാർഗ്ഗങ്ങളെക്കുറിച്ച് തീരുമാനിക്കുകയും ചെയ്തു. കേരളീയ ക്രൈസ്തവ ദൈവാലയങ്ങളുടെ പരമ്പരാഗതമായ ശിൽപചാതുര്യം നിലനിർത്തിക്കൊണ്ടു നിർമ്മിച്ച ദൈവാലയം ഭാരതസഭയുടെ ഐക്യദാർഢ്യത്തെ വിളിച്ചറിയിക്കുന്നു. അനേകം സുമനസുകളുടെ സംഭാവനകളും ആത്മാർത്ഥമായ സഹകരണവും ലഭിച്ചതു കൊണ്ടത്രേ ഇത്രത്തോളം പൂർത്തിയാക്കാൻ ഇടയായത്. ലാൻസ്കേപ്പിനും അവിടേക്കുള്ള വഴിയുടെ നിർമ്മാണത്തിനുമായി കുറേ പണം കൂടി ആവശ്യമാണ്. ഇക്കാര്യത്തിലും സുമനസുകളുടെ ഉദാരമായ സഹകരണം പ്രതീക്ഷിക്കുന്നു.

സഭയുടെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രണ്ടു പ്രധാന ശിലാസ്ഥാപനങ്ങൾ ഈ മാസത്തിൽ നിർവ്വഹിക്കുവാൻ ഇടയായി. ഒന്ന്, നമ്മുടെ മാർത്തോമ്മാ പ്രസ്സിന്റെ സ്ഥലസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി എൺപതു ലക്ഷത്തോളം രൂപാ ചെലവു വരുന്ന രണ്ടു നിലയിലുള്ള കെട്ടിടനിർമ്മാണത്തിന്റെ ശിലാസ്ഥാപനം നടത്തുകയും കോൺട്രാക്ട് ഉറപ്പിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നമ്മുടെ മാർത്തോമ്മാ പ്രസ്സിന്റെ വികസനത്തിന്റെ ഒരു പുതിയ ഘട്ടത്തിലേക്കുള്ള പ്രവേശനത്തിൽ ഒരു സുപ്രധാന നാഴികക്കല്ലാണ് പുതിയ നിർമ്മാണ പ്രവർത്തനം. നമ്മുടെ സഭയുടെ ഔദ്യോഗിക ജിഹ്വയായ മലങ്കര സഭാതാരക ഉൾപ്പെടെയുള്ള അനേകം പ്രസിദ്ധീകരണങ്ങൾ ഉന്നതമായ നിലവാരത്തിൽത്തന്നെ പ്രിന്റു ചെയ്യുവാൻ ഇന്ന് നമ്മുടെ പ്രസ്സിന് കഴിയുന്നുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പ്രസ്സിന്റെ പ്രവർത്തനങ്ങളെ കൂടുതൽ വിപുലീകരിക്കാനും നവീകരിക്കാനും ഇടയാക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ പ്രസ്സ് പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചിട്ടല്ല, സമീപത്തായിട്ടാണ് പുതിയ കെട്ടിടം പണിയുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രിന്റിംഗ് ഉൾപ്പെടെയുള്ള പ്രസ്സിന്റെ പ്രവർത്തനങ്ങൾക്ക് യാതൊരു തടസ്സവും വരാത്ത രീതിയിലാണ് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് അറിയിക്കട്ടെ. രണ്ട്, നമ്മുടെ സഭയ്ക്ക് ഒരു സെക്രട്ടറിയേറ്റ് കോംപ്ലക്സ് ഇപ്പോൾ ഇല്ല എന്നതു നാം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം തന്നെയായിരുന്നു. സഭയുടെ വിവിധ പ്രസ്ഥാനങ്ങളുടെയെല്ലാം ഓഫീസുകൾ ഒരു കെട്ടിടസമുച്ചയത്തിൽ കൊണ്ടുവരാൻ തക്കമുള്ള സെക്രട്ടറിയേറ്റ് കോംപ്ലക്സിന്റെ ശിലാസ്ഥാപനം ജൂൺ 27-ാം തീയതി നിർവ്വഹിച്ചു. സഭയുടെ വിവിധ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ഓരോരോ ആവശ്യങ്ങൾക്കായി ഇടവകകളിൽ നിന്നും വരുന്നവർക്ക് ഈ സൗകര്യം ഏറെ പ്രയോജനകരമായിരിക്കും. മൂന്ന് നിലയിലുള്ള ഒരു കെട്ടിട സംവിധാനമത്രെ വിഭാവനം ചെയ്യുന്നത്.

കരിപ്പുഴ ശാലേം മാർത്തോമ്മാ പള്ളി നമ്മുടെ തീരപ്രദേശങ്ങളിലുള്ള ഒരു പള്ളിയാണ്. ആ ഇടവക പുതുതായി നിർമ്മിച്ച പള്ളിയുടെ കൂദാശ ലോക്ഡൗൺ മൂലം മാറ്റിവെയ്ക്കേണ്ടി വന്നിരുന്നു. എന്നാൽ ജൂൺ 13-ാം തീയതി അംഗീകൃത നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് ആ പള്ളിയുടെ കൂദാശ നടത്തുകയുണ്ടായി. ആധുനിക നിർമ്മാണ മാതൃകയിൽ മനോഹരമായ ഒരു പള്ളി നിർമ്മിച്ച ഇടവകയെ പ്രത്യേകം അഭിനന്ദിക്കുന്നു. ആ ഇടവകയുടെ ഒരുമയുടെ ദൃശ്യമാതൃക കൂടിയാണ് ആ പള്ളി എന്നു പറയുന്നതിൽ സന്തോഷമുണ്ട്.

കുമ്പനാട് ശാലേം ഇടവക പണികഴിപ്പിച്ച പുതിയ പാഴ്സനേജിന്റെ കൂദാശ ജൂൺ 23 ന് നിർവ്വഹിച്ചു. നമ്മുടെ ലണ്ടനിലെ പള്ളിയുടെ കൂദാശയും അമേരിക്കയിലെ അറ്റ്ലാന്റയിലെ സമ്മേളനവും ഇപ്പോഴത്തെ അവിടുത്തെ പ്രത്യേക സാഹചര്യത്തിൽ മാറ്റിവെച്ചിരിക്കുകയാണ്.

കഴിഞ്ഞ രണ്ടു മാസക്കാലമായി നമ്മുടെ ദൈവാലയങ്ങൾ തുറന്ന് ആരാധന നടത്തുവാൻ സാധ്യമല്ലാത്ത സാഹചര്യം ഉളവായത് കോവിഡ് 19 ബാധ മൂലം അനിവാര്യമായി വേണ്ടിവന്ന ലോക്ഡൗൺ നിയന്ത്രണങ്ങൾ മൂലമായിരുന്നല്ലോ. എന്നാൽ അന്ധകാരത്തെ ശപിച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ അഭികാമ്യമായത് ഒരു മെഴുകുതിരിയെങ്കിലും തെളിക്കുകയാണ് എന്നു പറഞ്ഞതുപോലെ എല്ലാവരുടെയും ആരോഗ്യപരമായ സുരക്ഷയെ കരുതി നടപ്പിലാക്കിയ നിയന്ത്രണങ്ങൾ മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ പഴി പറഞ്ഞുകൊണ്ടിരിക്കാതെ ദൈവം നമുക്കു ആധുനിക വിവരസാങ്കേതിക വിദ്യയിലൂടെ ലഭ്യമാക്കിയ ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് പുലാത്തീൻ ചാപ്പലിൽ നിന്നും ഭദ്രാസനത്തിലെ അരമനകളുടെ ചാപ്പലിൽ നിന്നും മറ്റ് അനേകം പള്ളികളിൽ നിന്നും തൽസമയം ആരാധനയുടെ സംപ്രേഷണം ക്രമീകരിക്കാൻ കഴിഞ്ഞത് വളരെ അനുഗ്രഹകരമായിരുന്നു. പുലാത്തീൻ ചാപ്പലിൽ ലോക്ഡൗൺ പ്രഖ്യാപിച്ച നാൾ മുതൽ വി. കുർബ്ബാനയ്ക്ക് നേതൃത്വം നൽകാനും ദൈവവചന സന്ദേശം പങ്കുവെയ്ക്കുവാനും നമുക്കിടയായി എന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. തൽസമയം തന്നെ അനേകം ഭവനങ്ങൾ ഈ ആരാധനയിൽ പങ്കുചേർന്നു എന്നറിയുവാൻ കഴിഞ്ഞതിൽ വലിയ സന്തോഷമുണ്ട്. ഏകദേശം എഴുപതിനായിരത്തിനും ഒരുലക്ഷത്തിനും ഇടയ്ക്ക് സഭാജനങ്ങൾ ഈ ശുശ്രൂഷയിൽ വിവിധ മുഖാന്തരങ്ങളിലൂടെ പങ്കാളികളാകുന്നു എന്നോർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഭദ്രാസന എപ്പിസ്കോപ്പാമാരുടെ അരമന ചാപ്പലിൽ നിന്നും സംപ്രേഷണം ചെയ്ത ശുശ്രൂഷകളിലും വിശ്വാസസമൂഹം സജീവമായി പങ്കെടുത്തു എന്നറിയുന്നതിലുള്ള സന്തോഷം അറിയിക്കട്ടെ. നമ്മുടെ ഭവനങ്ങൾ ഗാർഹിക സഭകളായി മാറുന്ന ഇപ്പോഴത്തെ ഈ അനുഭവങ്ങൾ നമ്മുടെ ഭവനങ്ങളെ ദൈവരാജ്യത്തിന്റെ ദൈവാലയങ്ങളാക്കി മാറ്റുവാനും ഓരോ വ്യക്തിയേയും ദൈവത്തിന്റെ മന്ദിരമാക്കി മാറ്റുവാനും മുഖാന്തിരമായിത്തീരും എന്നു വിശ്വസിക്കുന്നു.

വ്യക്തിപരമായി പറഞ്ഞാൽ, ദൈവകൃപയുടെ അനുഗ്രഹ സമൃദ്ധിയിൽ കൂടി നാമും കടന്നുപോയ ഒരു മാസമായിരുന്നു ഇത്. ദൈവം അനുഗ്രഹിച്ചു നൽകിയ 89 സംവത്സരങ്ങൾ പിന്നിട്ട് ദൈവകൃപയുടെ 90-ാം സംവത്സരത്തിലേക്ക് നാം പദമൂന്നുകയാണ്. എത്രയെത്ര വ്യത്യസ്തമായ അനുഭവങ്ങളിലൂടെയാണ് കടന്നുപോകേണ്ടി വന്നത്! എന്നാൽ ഒരിക്കലും നാം ഒറ്റയ്ക്കായിരുന്നില്ല; നമ്മെ വിളിച്ച്, വേർതിരിച്ച്, നിയോഗിച്ച് സഭാശുശ്രൂഷയിലേക്ക് നമ്മെ കൊണ്ടുവന്ന ദൈവത്തിന്റെ കരങ്ങൾ നമ്മോടൊപ്പമുണ്ടായിരുന്നു. ഈ അനുഭവയാഥാർത്ഥ്യമാണ് നമ്മെ ഇന്നും ബലപ്പെടുത്തുന്നത്.

ജന്മദിനം കഴിഞ്ഞ് രണ്ടുദിനം കഴിയുമ്പോൾ വി. പത്രൊസ്, വി. പൗലോസ് ശ്ലീഹാ നാളാണ്. വി. പത്രൊസ്, വി. പൗലോസ് ശ്ലീഹാ നാളിലാണ് 63 സംവത്സരങ്ങൾക്കു മുമ്പ് നാം ശെമ്മാശനായി പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിച്ചത്. ജൂൺ 29 ന് ശുശ്രൂഷയുടെ 63 സംവത്സരങ്ങൾ പിന്നിട്ട് 64-ാം സംവത്സരത്തിലേക്ക് പ്രവേശിക്കുകയാണ്. എപ്പിസ്കോപ്പൽ സ്ഥാനാരോഹണത്തിന്റെ 45-ാം സംവത്സരത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നമ്മെ ശക്തിപ്പെടുത്തി ഇന്നെയോളം പരിപാലിച്ച ദൈവകൃപയ്ക്കു സ്തോത്രം. ജൂൺ 27-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് പുലാത്തീൻ ചാപ്പലിൽ നാം വി.കുർബ്ബാന അനുഷ്ഠിച്ചു. ഈ ശുശ്രൂഷയുടെ തൽസമയ സംപ്രേഷണം പതിവുപോലെ ഉണ്ടായിരുന്നു. ജന്മദിനത്തോടനുബന്ധിച്ച് സഭയായി ക്രമീകരിച്ച് ഒരു അനുമോദന സമ്മേളനം 11 മണിയോടുകൂടി ഒരു ഓൺലൈൻ പ്രോഗ്രാമായി നടന്നു. നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ഒരു ഓൺലൈൻ സന്ദേശത്തിലൂടെ ജന്മദിന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചയോടുകൂടി സഭയുടെ പുതിയ ഗേറ്റ് സഭാ ആസ്ഥാനത്തു നിന്നും ബൈപാസ്സിലേക്ക് ഇറങ്ങുന്ന ഭാഗത്ത് നാം ഉദ്ഘാടനം ചെയ്തു. എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകത്തിന്റെ തലേദിവസം അഭിവന്ദ്യ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ എന്നെ പൂലാത്തീനിലേക്ക് വിളിപ്പിച്ച് എനിക്ക് നൽകുവാൻ പോകുന്ന പേര് 'ഐറേനിയസ്' എന്നാണ് എന്നു സൂചിപ്പിച്ചുകൊണ്ട് ഒരു കുറിപ്പ് നൽകിയതിലെ സന്ദേശം എന്റെ ഹൃദയത്തിൽ ഞാനിന്നും സൂക്ഷിച്ചുവെച്ചിരിക്കുകയാണ്- "Oft into the maddening range of things, tossed by floods and storms, cling your heart to a fixed point and go ahead tasting God is good". ഈ ദൈവം പ്രതികൂലതകളുടെ മധ്യത്തിലും നല്ലവൻ എന്നു രുചിച്ചറിഞ്ഞുകൊണ്ട് ഞാനിന്നും പ്രവർത്തിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനയുടെ പിൻബലം തുടർന്നും ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കട്ടെ.

ജൂലൈ മാസത്തിലെ ധ്യാനത്തിലേക്കു നാം പ്രവേശിക്കുന്നത് മാർത്തോമ്മാ ശ്ലീഹാ നാൾ അനുസ്മരിച്ചുകൊണ്ടാണ്. ബുദ്ധിപരമായി ചിന്തിക്കുന്നവർക്ക് പലതിലും സംശയങ്ങളുണ്ടാവുക സ്വാഭാവികമാണ്. സംശയങ്ങൾ മറച്ചുവെച്ച്, വിശ്വാസം നടിക്കുന്ന സ്വഭാവം ധീഷണാശാലികൾക്ക് ഉണ്ടാവുകയില്ല. “ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. തോമാസ് അവനോടു: കർത്താവേ, നീ എവിടെ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി എങ്ങനെ അറിയും എന്നു പറഞ്ഞു” (യോഹ. 14:4-7). ഒരു ധീഷണാശാലിയുടെ ആത്മാർത്ഥമായ ചോദ്യമായി വേണം ഈ ചോദ്യത്തെ പരിഗണിക്കുവാൻ. ഈ ചോദ്യത്തിന് ഉത്തരമായിട്ടാണ് “ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു” എന്ന പ്രഖ്യാതമായ പ്രഖ്യാപനം നമ്മുടെ കർത്താവ് നിർവ്വഹിച്ചത് എന്നും നാം ഓർക്കേണ്ടതാണ്. അതേ സമയം ഭീരുവിന്റെ സ്വഭാവം തോമസിനില്ലായിരുന്നു എന്നും നാം തിരിച്ചറിയണം. ലാസറിന്റെ മരണവാർത്തയറിഞ്ഞ് “നാം അവന്റെ അടുക്കൽ പോക” എന്നു യേശു ശിഷ്യന്മാരോടു പറയുമ്പോൾ “അവനോടു കൂടെ മരിക്കേണ്ടതിനു നാമും പോക” എന്നു പറയുന്ന ഏകശിഷ്യൻ തോമാസ് അപ്പോസ്തലൻ ആയിരുന്നു എന്ന കാര്യം വിസ്മരിക്കരുത് (യോഹ. 11:14-16) യേശുവിന്റെ ഉയിർപ്പിനു ശേഷം യേശു ശിഷ്യന്മാരുടെ കൂട്ടത്തിനു പ്രത്യക്ഷനാകുമ്പോൾ തോമാസ് ആ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ശിഷ്യന്മാരുടെ കൂട്ടത്തിലേക്ക് തോമാസ് അപ്പൊസ്തലൻ മടങ്ങിവരുമ്പോൾ അവർ തോമാസിനോടു പറയുന്നത്-“ഞങ്ങൾ കർത്താവിനെ കണ്ടു” എന്ന സാക്ഷ്യമാണ്. അപ്പോൾ തോമാസിന്റെ മറുപടി “ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിലൂടെ വിരൽ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല” (യോഹ. 20:25) എന്നായിരുന്നു. ഇതൊരു സംശയരോഗിയുടെ ചോദ്യമല്ല, ഒരു ഗവേഷകന്റെ അന്വേഷണാത്മക നിലപാടാണ്. എന്നാൽ യേശു അവനു പ്രത്യക്ഷനായി വ്യക്തമായി അവൻ ആഗ്രഹിച്ചതുപോലെ പരീക്ഷിച്ചറിയുവാൻ ആവശ്യപ്പെടുമ്പോഴാണ് ഒരു പരീക്ഷണത്തിനും മുതിരാതെ “എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ” എന്ന നിസ്തുല്യമായ വിശ്വാസ പ്രഖ്യാപനം തോമാസ് അപ്പൊസ്തലൻ നടത്തുന്നത്. ബി.സി. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് ശാസ്ത്രജ്ഞനായ ആർക്കിമിഡീസ് “യുറേക്ക” (ഞാൻ കണ്ടെത്തി) എന്ന് പ്രഖ്യാപിച്ചതിലും സമുന്നതമായ പ്രഖ്യാപനമാണ് ശിഷ്യന്മാരുടെ കൂട്ടത്തിൽ നിന്നു ആദ്യമായി ഒരു ശിഷ്യനായ തോമാസ് അപ്പൊസ്തലൻ നടത്തിയത് എന്ന് നാം ഓർക്കണം. ആർക്കിമിഡീസ് പ്രഖ്യാപിച്ചത് ഒരു ശാസ്ത്രസത്യമാണെങ്കിൽ തോമാസ് അപ്പൊസ്തലൻ പ്രഖ്യാപിച്ചത് നിത്യതയിലും നിലനിൽക്കുന്ന ഒരു സനാതന സത്യമാണ്. ആ ഉത്തമ വിശ്വാസത്തിലാണ് വിശുദ്ധ തോമാശ്ലീഹാ മലങ്കരയിലേക്കു വന്ന് സുവിശേഷഘോഷണം നിർവ്വഹിച്ചതും ഇവിടെ ഒരു സഭയുണ്ടായതും എന്നു നാം ഓർക്കണം. ഈ പ്രേഷിതവൃത്തിയിൽ വ്യാപൃതനായിരിക്കുമ്പോൾ തന്നെ ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിയായിത്തീർന്ന ആ വിശ്വാസവീരന്റെ പാരമ്പര്യം പിൻപറ്റുന്ന നമുക്കും നമ്മുടെ ജീവിതമേഖലകളിൽ പറയാൻ കഴിയണം-“എന്റെ കർത്താവും എന്നെ ദൈവവുമായുള്ളോവേ”. ജൂലൈ 5-ാം തീയതി ഞായറാഴ്ച 'വിഭവങ്ങളുടെ കാര്യ വിചാരകത്വം' എന്ന ചിന്തയാണ് നാം പങ്കിടുന്നത്. താലന്തുകളുടെ ഉപമയാണ് ധ്യാനിക്കുന്നത്. എത്ര ലഭിച്ചു എന്നതിലല്ല എങ്ങനെ വിനിയോഗിച്ചു എന്നതാണ് ജീവിതത്തിൽ ഏറ്റവും പ്രസക്തമായ കാര്യം. ലഭിച്ച താലന്തുകൾ വ്യത്യസ്തമാണെങ്കിലും ലഭിച്ചതിനെ ഇരട്ടിപ്പിച്ചവർക്കെല്ലാം “നല്ലവനും വിശ്വസ്തനുമായ ദാസനേ' എന്ന അംഗീകാരം നൽകിയാണ് ദൈവം ആദരിച്ചതെന്നോർക്കണം. നമുക്കു ദൈവം നൽകിയ താലന്തുകളെല്ലാം വിശ്വസ്തതയോടെ നിർവ്വഹിപ്പാൻ നാം എല്ലായ്പ്പോഴും ഉത്സാഹിക്കണം. ജൂലൈ 12-ാം തീയതി ഞായറാഴ്ച പട്ടത്വദിനമായി ആചരിക്കുന്നു. 'വൈദികർ-ദൈവിക ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവർ' എന്നതാണ് അന്നത്തെ ചിന്താവിഷയം. പാറമേൽ വീടു പണിതു മനുഷ്യന്റെയും മണലിന്മേൽ വീടു പണിത മനുഷ്യന്റെയും ഉപമയാണ് അന്നത്തെ ധ്യാനഭാഗം. നമുക്കു ജീവിതത്തിന്റെ അടിസ്ഥാനമായിരിക്കേണ്ടത് ക്രിസ്തു എന്ന പാറയാണ്. ആ പാറമേൽ പണിയപ്പെടുന്നത് സഭയായാലും വ്യക്തിജീവിതങ്ങളായാലും കുടുംബമായാലും പാതാള ഗോപുരങ്ങൾക്ക് അതിനെ ജയിക്കാൻ കഴിയില്ല എന്നു നാം തിരിച്ചറിയണം. അങ്ങനെ ദൈവിക ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവർ പട്ടക്കാരായാലും അത്മായക്കാരായാലും അവരെല്ലാം ക്രിസ്തുവിന്റെ സ്ഥാനാപതികളാണ്. ജൂലൈ 19-ാം തിയതി ഞായറാഴ്ച നാം ചിന്തിക്കുന്നത് 'ദൈവജനം-ക്രിസ്തുവിന്റെ സ്ഥാനാപതികൾ' എന്നതാണല്ലോ. ജൂലൈ 25-ാം തീയതി ശനിയാഴ്ച മാർ യാക്കോബ് ശ്ലീഹാ നാളാണ്. യേശുവിന്റെ ശിഷ്യന്മാരിൽ ആദ്യത്തെ രക്തസാക്ഷിയാണ് യാക്കോബ്. ഡിട്രിച്ച് ബോൺ ഹോഫർ പറഞ്ഞതുപോലെ "When Christ calls a person to be his disciple, he calls him to die on his self" എന്ന ആഹ്വാനമാണ് നാം കേൾക്കേണ്ടത്. ജൂലൈ 26-ാം തീയതി “ദൈവശാസ്ത്ര അഭ്യസനം: ദൈവജനത്തെ സജ്ജമാക്കാൻ' എന്ന ചിന്താവിഷയം നാം സഭയായി ധ്യാനിക്കുന്നു. ദൈവജനത്തെ ക്രിസ്തുവിന്റെ അനുകാരികളായിരിപ്പാനാണ്, സാക്ഷികളായിരിപ്പാനാണ് സജ്ജരാക്കേണ്ടത്. ദൈവശാസ്ത്ര അഭ്യസനം ദൈവജനത്തെ ഈ വിധത്തിൽ ഒരുക്കുന്നതിന് ദിശാബോധം നൽകുന്നതാകണം. നമുക്കു ക്രിസ്തുവിൽ ജീവിക്കാം. ക്രിസ്തു നമ്മിൽ വസിച്ച് നമ്മിലൂടെ ലോകത്തിന് അധികം അധികം ഫലങ്ങൾ നൽകട്ടെ. 'എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായിപ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല” (യോഹ. 15:4).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ, തിരുവല്ല
28-06-2020

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**